"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- പെൻഷൻ — പരേതയായ എം.പി.സരസമ്മയുടെ 2024 ഡിസംബർ മാസത്തെ സർവ്വീസ് പെൻഷനും കുടുംബ പെൻഷനും ജീവകാല കുടിശ്ശികയായി നിയമപരമായ അവകാശിയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ -എ) വകുപ്പ്

സ.ഉ.(സാധാ) നം.3563/2025/FIN തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:- 1. 10/01/2025-ലെ ശ്രീമതി ബിന്ദു റാണി.കെ-യുടെ അപേക്ഷ.

2. 03/03/2025-ലെ ട്രഷറി ഡയറക്ടറുടെ TRY/746/2025-P1 നമ്പർ കത്ത്.

ഉത്തരവ്

ബാങ്ക് അക്കൗണ്ട് മുഖേന സർവ്വീസ് പെൻഷനും പരേതനായ ഭർത്താവിന്റെ കുടുംബ പെൻഷനും കൈപ്പറ്റിവന്നിരുന്ന എം.പി.സരസമ്മ കാറപകടത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെ 09/12/2024-ന് മരണപ്പെട്ടു. ടിയാൾ അവസാനമായി മസ്റ്ററിംഗ് നടത്തിയത് 10/11/2023-ന് ആയിരുന്നു. തുടർന്ന് സർക്കാർ നിഷ്കർഷിക്കുംപ്രകാരം മസ്റ്ററിംഗ് നടത്താത്ത കാരണത്താൽ ടിയാൾക്കുള്ള പെൻഷൻ 01/12/2024-ന് നിർത്തിവച്ചിരുന്നു. ലഭിക്കേണ്ടിയിരുന്ന 01/12/2024 -ലെ പെൻഷൻ ജീവകാല കുടിശ്ശികയായി അനുവദിക്കണമെന്ന അനന്തരാവകാശിയുടെ പരാമർശം 1-ലെ അപേക്ഷ പരിഗണിച്ച്, ടി പെൻഷണറുടെ 01/12/2024 -ലെ കുടുംബ പെൻഷൻ തുകയായ 19,466/- രൂപയും സർവ്വീസ് പെൻഷൻ തുകയായ 30,330/- രൂപയും ചേർത്ത് ആകെ 49,796/-രൂപയായി കണക്കാക്കി സർക്കാർ അനുമതിയ്ക്കായി പരാമർശം 2- പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ, മേൽ വിഷയം വിശദമായി പരിശോധിക്കുകയും 16/09/2024-ന് കാറപകടത്തിൽ പരിക്കേറ്റ് കോമ സ്റ്റേജിലായതിനാലാണ് പെൻഷണറായ എം.പി.സരസമ്മയ്ക്ക് യഥാസമയം മസ്റ്ററിംഗ് നടത്താൻ സാധിക്കാത്തതെന്നു ചികിത്സാ രേഖകൾ പരിശോധിച്ചതിൽ നിന്നു ബോധ്യപ്പെട്ട സാഹചര്യത്തിൽ പരേതയായ സരസമ്മയുടെ 01/12/2024 -ലെ കുടുംബ

പെൻഷൻ തുകയായ 19,466/- രൂപയും സർവീസ് പെൻഷൻ തുകയായ 30,330/- രൂപയും ചേർത്ത് ആകെ 49,796/-രൂപ ജീവകാല കുടിശ്ശികയായി നിയമപരമായ അവകാശിക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റിങ്കി എസ്. നെൽസൺ
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
5. ശ്രീമതി ബിന്ദുറാണി കെ, D/o സരസമ്മ എം.പി, 'വിപഞ്ചിക', ചൊവ്വന്നൂർ, കുന്നംകുളം, തൃശ്ശൂർ- 680517.
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(ഇ-3097822)

ഉത്തരവിൻ പ്രകാരം

Signed by
Shareena. A
Date: 10-04-2025 15:41:23
സെക്ഷൻ ഓഫീസർ